കാസർഗോഡ് താലൂക്കിൽ കന്നട മീഡിയം ബി.എഡ്. കോളേജ് അനുവദിക്കാൻ നടപടി

80. [845] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് താലൂക്കിൽ കന്നട മീഡിയം ആയിട്ടുള്ള ഒരു ബി.എഡ്. കോളേജ് ഉടനെ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഭാഷാ ന്യൂനപക്ഷങ്ങൾക്കായി പ്രത്യേക പരിഗണന ഇക്കാര്യത്തിൽ നൽകാൻ തയ്യാറാകുമോ ?

ഉത്തരം

(എ) കന്നട മീഡിയം ആയിട്ടുള്ള ബി.എഡ്. കോളേജ് അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

(ബി) കന്നട ഭാഷാ ന്യൂനപക്ഷ സംഘടനകളിൽനിന്നോ/വ്യക്തികളിൽ നിന്നോ കന്നട മീഡിയം ആയിട്ടുള്ള സ്വാശ്രയ ബി.എഡ്. കോളേജ് തുടങ്ങുന്നതിന് എൻ.ഒ.സി.ക്കായി അപേക്ഷ ലഭിക്കുന്ന പക്ഷം, ഇതുസംബന്ധിച്ച് സർക്കാർ നിയോഗിച്ചിട്ടുള്ള സമിതിയുടെ ശുപാർശക്ക് വിധേയമായി ഇക്കാര്യം പരിഗണിക്കുന്നതാണ്.

സുനാമി ദുരിതാശ്വാസത്തിനായി ചെലവഴിച്ച തുക

81. [346] ശ്രീ. ടി.എം. ജേക്കബ്ബ് :
" ഷിബു ബേബിജോൺ :
" ആർ. ബാലകൃഷ്ണപിള്ള :
" ജോണി നെല്ലൂർ :
" കെ.ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ സുനാമി ദുരിതാശ്വാസത്തിനായി പത്രങ്ങൾ ദൃശ്യമാധ്യമങ്ങൾ എന്നിവ നൽകിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക ഏതെല്ലാം പ്രദേശങ്ങളിൽ എങ്ങിനെയെല്ലാം വിനിയോഗിച്ചു എന്ന് വിശദമാക്കുമോ ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സുനാമി ദുരന്തത്തിലും, കാലവർഷക്കെടുതിയിലും വീടുകൾ നഷ്ടപ്പെട്ട എത്രപേർക്ക് എവിടെയെല്ലാം വീടുകൾ വയ്ക്കുന്നതിന് തുക നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്ഥാപനങ്ങളും, വ്യക്തികളുമാണ് വീടുകൾ നശിച്ചവർക്ക് വീടുകൾ നിർമ്മിച്ചുകൊടുക്കുവാൻ അനുമതി ആവശ്യപ്പെട്ടത് ;

(എഫ്) ഇതിനുള്ള പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുകയാണോ; അതോ അവർ നേരിട്ട് ചെലവഴിക്കുകയാണോ ചെയ്തത് എന്നുള്ള വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 41,11,17,402 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) സുനാമി ദുരിതാശ്വാസത്തിനായി പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ തുടങ്ങിയ ഏജൻസികളിൽനിന്നും 5,40,65,491 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ചിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ചട്ടങ്ങൾക്കനുസരിച്ച് ചികിത്സാ ധനസഹായം, സൗജന്യറേഷൻ, മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യസമാശ്വാസ പദ്ധതി, സുനാമിയുമായി ബന്ധപ്പെട്ട കടൽഭിത്തിയുടെ നിർമ്മാണം, അറ്റകുറ്റപണികൾ എന്നിവക്കായി വിനിയോഗിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് നിരവധി സംഘടനകളും വ്യക്തികളും വീടുകൾ നിർമ്മിച്ചു നൽകുന്നതിനായി മുന്നോട്ടു വന്നു. ഈ പ്രശ്നത്തിന്റെ വിവിധ വശങ്ങൾ പരിഗണിച്ചതിനുശേഷം 31 സാമൂഹ്യ-സന്നദ്ധ രാഷ്ട്രീയ സംഘടനകൾക്കാണ് വീടുകൾ നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയത്. (പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു) †

(എഫ്) സുനാമി ദുരന്തബാധിതരുടെ സ്വന്തം സ്ഥലത്തും സ്വന്തമായി സ്ഥലമില്ലാത്തവർക്ക് സർക്കാർ വിലകൊടുത്തു വാങ്ങിയ സ്ഥലത്തും സർക്കാർ നൽകിയ പ്ലാൻ അനുസരിച്ച് സന്നദ്ധസംഘടനകൾ നേരിട്ട് ഭവന നിർമ്മാണം നടത്തുകയാണ് ചെയ്യുന്നത്. എന്നാൽ കാർബൺ ലോറി ഇന്ത്യ, ബാംഗ്ലൂർ എന്ന സ്ഥാപനം 16 വീടുകളുടെ നിർമ്മാണത്തിനായി ദുരിതാശ്വാസ നിധിയിലേക്ക് 50 ലക്ഷം രൂപ നൽകിയിരുന്നു. ഇവയുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പു വഴി നടന്നുവരുന്നു. ഇതുകൂടാതെ ഭവനനിർമ്മാണത്തിനുള്ള തുകയൊന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിക്ഷേപിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly